"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- വനം വന്യജീവി വകുപ്പിൽ വനാശ്രിതരായ ആദിവാസി വിഭാഗത്തിൽ നിന്നും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനായി 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.8/2022/F&WLD    തീയതി,തിരുവനന്തപുരം, 10-02-2022.

---

പരാമർശം:-
1. 12.02.2021 ലെ സ.ഉ.(കൈ) 03/2021/വനം നമ്പർ ഉത്തരവ്.
2. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 21.04.2021, 29.09.2021 തീയതികളിലെ SR-1/4/2021-KPSC നമ്പർ കത്തുകൾ
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 23.09.2021, 09.11.2021, 13.01.2022 തീയതികളിലെ ഇ7-17488/2018 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

വനാശ്രിതരായ ആദിവാസി വിഭാഗത്തിൽ നിന്നും 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനായി, പരാമർശം (1) പ്രകാരം 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുകയും പൊതുനിബന്ധനകൾ, യോഗ്യതകൾ, തെരഞ്ഞെടുപ്പ് പ്രക്രിയ എന്നിവ നിശ്ചയിക്കുകയും ചെയ്തിരുന്നു. എന്നാൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന തെരഞ്ഞെടുക്കപ്പെടുന്ന ഒരു തസ്തികയുടെ തെരഞ്ഞെടുപ്പ് പ്രക്രിയ എപ്രകാരമായിരിക്കണമെന്ന് തീരുമാനിക്കുന്നതിനുള്ള പൂർണമായ അധികാരം കമ്മീഷനിൽ നിക്ഷിപ്തമായതിനാൽ, പ്രസ്തുത ഉത്തരവിൽ തെരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ നീക്കം ചെയ്യണമെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ ആവശ്യപ്പെടുകയും പരാമർശം (2) പ്രകാരം ഭേദഗതി നിർദ്ദേശം സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് പ്രസ്തുത വിഷയത്തിൽ, കേരള പബ്ലിക് സർവീസ് കമ്മീഷനുമായി ചർച്ച നടത്തിയ ശേഷം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (3) ലെ കത്തുകൾ പ്രകാരം, ഭേദഗതി സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1. പാരാ 2 (ii) - പൊതു നിബന്ധനകൾ.**

"ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന രണ്ട് വ്യവസ്ഥകളിൽ (a,b) ഏതെങ്കിലും ഒന്ന് പ്രകാരമുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.

a). The Scheduled Tribes and Other Traditional Forest Dwellers (Recognition of Forests Rights) Act, 2006 (വനാവകാശ നിയമം 2006) പ്രകാരം, വ്യക്തിഗത അവകാശവുമായി ബന്ധപ്പെട്ട് കുടുംബത്തിന് ലഭിച്ച വ്യക്തിഗത കൈവശാവകാശ രേഖ.

b ) . പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തിയാണെന്ന് തെളിയിക്കുന്നതിനായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറിൽ (TEO) കുറയാത്ത ഉദ്യോഗസ്ഥൻ നൽകുന്ന സർട്ടിഫിക്കറ്റോ അല്ലെങ്കിൽ വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരിയിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റോ, ഇതിൽ എതെങ്കിലും ഒന്നും ഒപ്പം വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ആളാണെന്ന് തെളിയിക്കുന്നതിനായി ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസറിൽ (ടെറിട്ടോറിയൽ/ വന്യജീവി വിഭാഗം) കുറയാത്ത ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

ആദിവാസി വിഭാഗത്തിൽ ഉള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും, അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യമൊരുക്കുന്നതിനും അതോടൊപ്പം പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ഇക്കോ-ടൂറിസം പോലുള്ള പദ്ധതികൾ പരിപോഷിപ്പിക്കൽ, അനധികൃത കുടിയേറ്റവും വന്യജീവികളുടെ ആക്രമണവും തടയുക തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനായി വനം സംബന്ധിച്ച അറിവ്, സുപരിചിതത്വം എന്നിവ കണക്കിലെടുത്തും, വനത്തിനുള്ളിലോ, വനത്താൽ ചുറ്റപ്പെട്ടതോ, വനത്തോട് ചേർന്ന് കിടക്കുന്നതോ ആയ പ്രദേശങ്ങളിലുള്ള ആദിവാസി ഊരുകളിൽ താമസിക്കുന്നവർക്കു വേണം റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ ഇപ്രകാരം സർട്ടിഫിക്കറ്റുകൾ അനുവദിക്കേണ്ടത്.

<u>വിശദീകരണം</u>- വനാതിർത്തിയോട് ചേർന്നുള്ള രണ്ട് കി.മീ. പരിധിയിലുള്ള ആദിവാസി ഊരുകളിൽ താമസിക്കുന്നവരെ നേരിട്ട് വനത്തെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരായി കരുതുന്നതാണ്.

2. <u>പാരാ 2 (iii)- പ്രായപരിധി</u>

അപേക്ഷകരുടെ പ്രായപരിധി 18 - 41 വയസ്സ്.

3. <u>പാരാ 2 (iv) വിദ്യാഭ്യാസ യോഗ്യത</u>

എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായവർക്കും എസ്.എസ്.എൽ.സി. കോഴ്സ് പൂർത്തിയാക്കിയതോ തത്തുല്യ യോഗ്യതയോ ഉള്ളവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായവരുടെ അഭാവത്തിൽ മാത്രമേ എസ്.എസ്.എൽ.സി. കോഴ്സ് പൂർത്തിയാക്കിയതോ, തത്തുല്യ യോഗ്യതയോ ഉള്ളവരെ പരിഗണിക്കു).

4. <u>പാരാ 2 (v) ശാരീരിക യോഗ്യത</u>

പുരുഷൻമാർക്ക് ഉയരം - 159 സെ.മി. , ചെസ്റ്റ് അളവ് - 75 സെ.മി. , 5 സെ.മി വികാസം ഉണ്ടായിരിക്കണം.

5. പാരാ2 (vi) തെരഞ്ഞെടുപ്പ് പ്രക്രിയ

ഈ തസ്തികയിലേക്കുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നടപടിക്രമങ്ങൾ പാലിച്ച് നടത്തപ്പെടുന്നതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട മറ്റ് നിർദ്ദേശങ്ങൾ എല്ലാം ഒഴിവാക്കുന്നു.

* അവിവാഹിതരായ അമ്മമാർ, അവരുടെ കുട്ടികൾ, വിധവകളായ അമ്മമാരുടെ കുട്ടികൾ എന്നിവർക്കൊപ്പം അനിമൽ ഹാൻഡിലിംഗ് ഇൻ സൂ ആന്റ് ഫോറസ്റ്റ് കോഴ്സ് പാസ്സായ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുകൂടി ജനറൽ ക്വാട്ടയിൽ മുൻഗണന ലഭിക്കുന്നതിന് തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായുള്ള ഇന്റർവ്യൂവിൽ നിശ്ചിത ഗ്രേസ് മാർക്ക് അനുവദിച്ച് നൽകുന്നതാണ്.

* മേൽ വിഭാഗങ്ങൾക്ക് അനുവദിക്കേണ്ടുന്ന ഗ്രേസ് മാർക്ക് എത്രയാണെന്നത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനമെടുക്കുന്നതാണ്.

* വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള പട്ടിക വർഗ്ഗത്തിൽപ്പെട്ട ദിവസവേതന ജീവനക്കാർക്ക് ആകെ ഒഴിവിന്റെ 40% ടേൺ അടിസ്ഥാനത്തിൽ റിസർവ്വേഷൻ അനുവദിക്കുന്നതാണ്. കൂടാതെ വനം വകുപ്പിൽ 500 ദിവസം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു എന്ന് തെളിയിക്കുന്നതിനായി ബന്ധപ്പെട്ട റേഞ്ച്/ ഡിവിഷൻതല ഓഫീസർമാരിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

3) ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പരാമർശം (1) ലെ ഉത്തരവിൽ ഉൾപ്പെടുത്തുന്നു.

* ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുള്ള തസ്തികകളിൽ പുരുഷൻമാർ, സ്ത്രീകൾ, ഓപ്പൺ ക്വാട്ട, റിസർവ്വേഷൻ ക്വാട്ട (വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ) എന്നിവർക്ക് അർഹതപ്പെട്ട ഒഴിവുകളുടെ ശതമാനം താഴെ പറയും പ്രകാരം നിർണ്ണയിക്കുന്നതാണ്.

| | |
|---|---|
| പുരുഷൻമാർ | 80% |
| സ്ത്രീകൾ | 20% |
| ആകെ ഒഴിവുകളുടെ 60 % ഓപ്പൺ ക്വാട്ടയിലും<br><br>40 % ഒഴിവുകൾ റിസർവ്വേഷൻ ക്വാട്ടയിൽ നിന്നും നികത്തുന്നതായിരിക്കും. | |
| ഓപ്പൺ ക്വാട്ട | 60 % |
| റിസർവ്വേഷൻ ക്വാട്ട( വനം വകുപ്പിൽ | |

| | |
|---|---|
| ദിവസവേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള പട്ടികവർഗ്ഗത്തിൽപ്പെട്ട ദിവസവേതന ജീവനക്കാർ) | 40 % |

* റിസർവ്വേഷൻ ക്വാട്ടയിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ (റാങ്ക് ലിസ്റ്റിൽ ഉയർന്ന സ്ഥാനം ലഭിച്ചാൽ ) ഓപ്പൺ ക്വാട്ടയിലും നിയമനം നൽകുന്നതാണ്. റിസർവ്വേഷൻ വിഭാഗത്തിന് സംവരണം ചെയ്ത ഒഴിവിൽ ആവശ്യത്തിന് ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകൾ ഓപ്പൺ ക്വാട്ടയിൽ നിന്നും നികത്തുന്നതാണ്.

<u>സ്പെഷ്യൽ റിക്രൂട്ട്മെന്റ് ടേൺ</u>

| ക്രമ നമ്പർ | ടേൺ |
|---|---|
| 1. | ജനറൽ (പുരുഷൻ) |
| 2. | റിസർവ്വേഷൻ വിഭാഗം (പുരുഷൻ) |
| 3. | ജനറൽ (വനിത) |
| 4. | ജനറൽ (പുരുഷൻ) |
| 5. | റിസർവ്വേഷൻ വിഭാഗം (പുരുഷൻ) |
| 6. | ജനറൽ (പുരുഷൻ) |
| 7. | റിസർവ്വേഷൻ വിഭാഗം (പുരുഷൻ) |
| 8. | ജനറൽ (വനിത) |
| 9. | ജനറൽ (പുരുഷൻ) |
| 10. | റിസർവ്വേഷൻ വിഭാഗം (പുരുഷൻ) |

* റിസർവ്വേഷൻ വിഭാഗത്തിൽ സ്ത്രീകൾ ഉണ്ടാകുന്ന പക്ഷം 8-ാമത് വരുന്ന ഒഴിവിൽ നിയമനം നൽകുന്നതും പകരം 10-ാമത് വരുന്ന ഒഴിവിൽ ജനറൽ വിഭാഗത്തിൽ നിന്ന് പുരുഷന് നിയമനം നൽകുന്നതുമാണ്. തുടർന്ന്, വീണ്ടും റിസർവ്വേഷൻ വിഭാഗത്തിൽ വനിതയുണ്ടാകുന്ന പക്ഷം 18,20 ഒഴിവുകളിലും, 28,30 ക്രമത്തിൽ ഉണ്ടാകുന്ന ഒഴിവുകളിലും ഇതേ രീതി തുടരുന്നതാണ്.

* റിസർവ്വേഷൻ വിഭാഗത്തിന്റേതടക്കം റാങ്ക് പട്ടിക തയ്യാറാക്കുമ്പോൾ ലിസ്റ്റ്-1, ലിസ്റ്റ്-2 എന്ന ക്രമത്തിൽ റാങ്ക് പട്ടിക താഴെപറയും പ്രകാരം തയ്യാറാക്കുന്നതാണ്.

ലിസ്റ്റ് -1. എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായവർ

ലിസ്റ്റ് -2. എസ്.എസ്.എൽ.സി./തത്തുല്യതാ കോഴ്സ് പൂർത്തിയാക്കിയവർ.

ലിസ്റ്റ് - 1 തയ്യാറാക്കുന്ന അതേ മാനദണ്ഡം തന്നെ ലിസ്റ്റ് - 2 തയ്യാറാക്കുന്നതിനും സ്വീകരിക്കുന്നതാണ്.

ലിസ്റ്റ്-1ന്റെ അഭാവത്തിൽ മാത്രം ലിസ്റ്റ് 2 പ്രസിദ്ധീകരിക്കുന്നതാണ്.

4. മേൽ ഭേദഗതികളോടെ പരാമർശം (1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

നിയമവകുപ്പ് ( 22.12.2021 ലെ 20105/ഉപദേശ ഡി2/2021/നിയമം പ്രകാരം).
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.
പൊതുഭരണ(എസ്.സി )വകുപ്പ് (09.02.2022 തീയതിയിലെ ഇനം നമ്പർ 530 പ്രകാരം)
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Noushad S
Date: 11-02-2022 10:30:15
സെക്ഷൻ ഓഫീസർ.

പകർപ്പ് -

വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.